**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 415** **20-03-2025 - ൽ മറുപടിയ്ക്ക്**

**വാർദ്ധക്യത്തിൽ ഒറ്റപ്പെട്ടുപോകുന്നവരെ സഹായിക്കാനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വാർദ്ധക്യത്തിൽ ഒറ്റപ്പെട്ടുപോകുന്നവരെ സഹായിക്കാൻ റവന്യൂ വകുപ്പ് എന്തൊക്കെ നടപടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും സംരക്ഷണവും ക്ഷേമവും ആക്ട് 2007 പ്രകാരം, അതാത് ജില്ലയിലെ റവന്യൂ ഡിവിഷണൽ ഓഫീസർ/ സബ് കളക്ടർ അദ്ധ്യക്ഷനായുള്ള ട്രൈബ്യൂണൽ മുൻപാകെ, സംരക്ഷിക്കപ്പെടാതിരിക്കുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്ന മുതിർന്ന പൗരന്മാർക്ക് സംരക്ഷണത്തിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. സിവിൽ കോടതിയുടെ അധികാരമുള്ള ട്രൈബ്യൂണലിന് അന്വേഷണ വിചാരണ നടത്തി മാതാപിതാക്കൾക്ക് പ്രതിമാസ ബത്ത നൽകാൻ ഉത്തരവിടാവുന്നതാണ്. |
| (ബി) | ഇതിനായി റിഹാബിലിറ്റേഷൻ സെന്റർ പോലുള്ള സൗകര്യങ്ങൾ ലഭ്യമാക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | വാർദ്ധക്യത്തിൽ ഒറ്റപ്പെട്ടുപോകുന്നവരെ സഹായിക്കാൻ റവന്യൂ വകുപ്പിൽ റിഹാബിലിറ്റേഷൻ സെന്റർ പോലുള്ള സൗകര്യങ്ങൾ ലഭ്യമാക്കാൻ നിലവിൽ പദ്ധതിയില്ല.<br><br>എന്നാൽ സർക്കാർ സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം സംസ്ഥാനത്ത് അനാഥരാക്കപ്പെടുന്ന മുതിർന്ന പൗരന്മാരെ സംരക്ഷിക്കുന്നതിനായി നിലവിൽ 17 സർക്കാർ ഓൾഡ് ഏജ് ഹോമുകളും, സർക്കാർ ഗ്രാന്റോടുകൂടി എൻ ജി ഒ തലത്തിൽ പ്രവർത്തിക്കുന്ന 199 ഓൾഡ് ഏജ് ഹോമുകളും പ്രവർത്തിച്ചു വരുന്നു. ആയതിൽ കിടപ്പ് രോഗികളായ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ കിടപ്പ് രോഗികൾക്കുള്ള ഓൾഡ് ഏജ് ഹോമും ഡിമെൻഷ്യാ ബാധിച്ചവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥാപനവും ഉൾപ്പെടുന്നു. എൻ ജി ഒ തലത്തിൽ കിടപ്പു രോഗികളായ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി വയോസാന്ത്വനം പദ്ധതി ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വാർദ്ധക്യത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ സഹായിക്കാൻ വകുപ്പിൽ പ്രത്യേക പദ്ധതിയുണ്ടോയെന്ന് അറിയിക്കാമോ? | (സി) | വാർദ്ധക്യത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ സഹായിക്കാൻ റവന്യൂ വകുപ്പിൽ പ്രത്യേക പദ്ധതി നിലവിലില്ല. |

സെക്ഷൻ ഓഫീസർ